# Kottuvally Gramapanchayath

# Covid report 2020

**Submitted by**

**Suchithra ks**

**Mksp bc , paravoor block**

**Phone : 7025757879**

**Santha cc ( cds chairperson kottuvally) 9526449869**

## ആമുഖം

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്കിലെ ഒരു പഞ്ചായത്ത് ആണ് കോട്ടുവള്ളി . വർഷങ്ങളായി കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ താഴെത്തട്ടിലേക്കു എത്തിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനും എറണാകുളം ജില്ലയിലെ മുൻനിര സി ഡി എസ്സുകളിൽ ഒന്നാണ് കോട്ടുവള്ളി സി ഡി എസ് . സിഡ്സ് ചെയർപേഴ്സൺ അടക്കമുള്ള ഭരണസമിതി അംഗങ്ങളും പഞ്ചായത്തും ഒറ്റകെട്ടായി നിന്നാണ് കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ നടത്തുന്നത് . ഇക്കഴിഞ്ഞ പ്രളയങ്ങളും ഇപ്പോൾ ലോകം മുഴുവൻ ഭീതിയിൽ ആക്കിയ കോവിഡ് ـൻ എന്ന വയറസ്സും പ്രതിരോധിക്കുന്ന കാര്യത്തിലും ഇവർ മുന്നോട്ടു തന്നെയാണ്

22വാർഡുകളിലായി 497 അയൽക്കൂട്ടങ്ങളും 23 വയോജന അയൽക്കൂട്ടങ്ങളും 160 സംഘകൃഷി ഗ്രൂപ്പുകളും 161 സംരംഭങ്ങളും 53 ബാലസഭകളും നിലവിൽ നല്ലരീതിയിൽ കോട്ടുവള്ളി സി ഡി എസ്സിൽ പ്രവർത്തിച്ചു വരുന്നു

## സാമൂഹ്യ അടുക്കള ( കമ്മ്യൂണിറ്റി കിച്ചൻ )

കോവിഡ് കാലത്തു ഏറ്റവും അധികം പല ആളുകളും ബുദ്ധിമുട്ട് നേരിടുമായിരുന്നത് ഭക്ഷണത്തിനായിരിക്കും എന്ന് കണ്ടു കോട്ടുവള്ളി സി ഡി എസ് ഒരു സാമൂഹിക അടുക്കളയും

ഒരു ജനകീയ ഹോട്ടലും ആദ്യഘട്ടത്തിൽ തുടക്കമിട്ടു . സി ഡി എസ്സ് നടത്തിയിരുന്ന കമ്മ്യൂണിറ്റി കിച്ചൺ ദിവസങ്ങളോളം പ്രവർത്തിച്ചു . ജനകീയ ഹോട്ടലിന്റെ പ്രവർത്തനം ഇന്നും നല്ലരീതിയിൽ മുന്നോട്ട് പോകുന്നു. നിരവധി സംഘകൃഷി ഗ്രൂപ്പുകളിൽ നിന്നുമായി 110 കിലോ പച്ചക്കറികൾ കമ്മ്യൂണിറ്റി കിച്ചണിലേക്കു എത്തിക്കാൻ സാധിച്ചിട്ടുണ്ട് . ബ്ലോക്ക് പഞ്ചായത്തിൻറെ കൂടെ സഹായത്തോടെ മാതൃക പരമായി തന്നെ മുന്നോട്ടു പോകുന്ന ജനകീയ ഹോട്ടൽ ന്ന കുടുംബശ്രീ അംഗങ്ങൾ ചേർന്നാണ് നടത്തുന്നത്.






## മാസ്ക് നിർമ്മാണം

കോവിഡ് കാലത്തു സുരക്ഷാ മുന്കരുതലുമായി ബന്ധപെട്ടു ഏറ്റവും ആവശ്യമായ ഒന്നായിരുന്നു മാസ്ക് . മാസ്കിന്റെ ലഭ്യത കുറവ് അറിഞ്ഞ കുടുംബശ്രീ അംഗങ്ങൾ സ്വയം മുന്നോട്ടു വന്നു മാസ്കിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയായിരുന്നു . ആദ്യഘട്ടങ്ങളിൽ മാസ്കുകൾ സൗജന്യമായി നിർമിച്ചുകൊടുത്ത ഗ്രൂപ്പുകളും ഉണ്ട് . പിന്നീട കൊറോണ കാലത്തേ സാമ്പത്തിക പ്രതിസന്ധികളെ തരണം ചെയ്യാൻ ഈ യൂണിറ്റുകൾക്ക് മാസ്ക് നിര്മാണത്തിലൂടെ സാധിച്ചു .






## കോവിഡ് ലോൺ

ഈ സമയത്തു സാമ്പത്തികമായി ഏറ്റവും ബുദ്ധിമുട്ട് അനുഭവിക്കുന്ന ഓരോ അംഗങ്ങൾക്കും സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ തുടക്കമിട്ട മുഖ്യമന്ത്രിയുടെ സഹായ ഹസ്തമായ കോവിഡ് ലോൺ വിവിധ ബാങ്കുകളിലായി 373 അയൽക്കൂട്ടങ്ങളിലായി 4177 അംഗങ്ങൾക്കാണ് ലോൺ കൊടുക്കുന്നത് .



## സംഘകൃഷി

കൊറോണ കാലത്തു ഏറ്റവും കൂടുതൽ ആളുകൾ ഏറ്റെടുത്ത ഒന്നായിരുന്നു കൃഷി . കുടുംബശ്രീയുടെ കൃഷിയുമായി ബന്ധപ്പെട്ട മത്സരമായാ എൻ്റെ മണ്ണ് എൻ്റെ അടുക്കളയിൽ പറവൂർ ബ്ലോക്കിൽ നിന്നും ഏറ്റവും കൂടുതൽ ആളുകൾ മുന്നോട്ടു വന്നത് കൊട്ടുവള്ളിയിൽ നിന്നായിരുന്നു . കുടുംബത്തോടൊപ്പവും സുഹൃത്തുക്കൾക്കൊപ്പവും സാമൂഹിക അകലം പാലിച്ചുകൊണ്ട് തന്നെ തൊട്ടടുത്തുള്ള സ്ഥലങ്ങളിൽ അവർ കൃഷിയൊരുക്കി 12 സംഘകൃഷി ഗ്രൂപ്പുകൾ ഇതിൽ പങ്കെടുത്തു . ആദ്യ ഘട്ടത്തിൽ വിത്തുകളുടെ ലഭ്യത കുറവ് ഉണ്ടായിരുന്നെങ്കിലും കൃത്യ സമയത്തു സി ഡി എസ്സ് ചെയർപേഴ്സൺ ഇടപെട്ട് കർഷകർക്ക് ആവശ്യമായ വിത്തുകൾ നൽകി .








## മറ്റു പ്രധാന പ്രവർത്തനങ്ങൾ

സപ്ലൈകോ വഴിയുള്ള സൗജന്യ ഭക്ഷ്യ വസ്തുക്കളുടെ പാക്കിങ്ങിനും കുടുംബശ്രീ അംഗങ്ങളുടെ പങ്കാളിത്തം ഉണ്ടായിരുന്നു . കൂടാതെ കൊറോണ കാലത്തു സാമൂഹിക അകലം പാലിച്ചുകൊണ്ട് 90 % അയൽക്കൂട്ടങ്ങളും പങ്കെടുത്ത ഒന്നായിരുന്നു സൈബർ ജാലകം പരിപാടി എന്നതും ശ്രദ്ധേയമായി . നിർധനരായ രോഗികളാക്കുള്ള മരുന്ന് വിതരണം മുതൽ അവരുടെ രോഗവിവരങ്ങളും ക്ഷേമവും അന്വേഷിച്ചും , ആശ്രയ , കോളിംഗ് ബെൽ ഗുണഭോക്താക്കൾക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുത്തും അവരുടെ ഒപ്പം തന്നെ കുടുംബശ്രീ അംഗങ്ങൾ ഉണ്ടെന്നു തെളിയിച്ചു . നിരന്തരമായി അവരുമായി ഫോണിലൂടെ വിവരങ്ങൾ ഇപ്പോഴും അന്വേഷിച്ചു പോകുന്നു . കൂടാതെ മഴക്കാല ശുചീകരണവുമായി ബാന്ധപ്പെട്ടു കുടുംബശ്രീ അംഗങ്ങൾ ചേർന്ന് തോടുകളും കാനകളും വൃത്തിയാക്കാനും മുൻകൈ എടുത്തു . മികച്ച പ്രവർത്തനങ്ങളുമായി കൊടുവള്ളി സി ഡി എസ് മുന്നോട്ട് പോകുന്നു

.